**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17** **23-08-2022 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ബാധിതർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് തെങ്കരയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടത്തിൽ എൻഡോസൾഫാൻ വ്യാപകമായി ഉപയോഗിച്ച പ്രദേശങ്ങളിലെ ആളുകൾക്ക് ജനിതക വൈകല്യങ്ങളും മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം തൃശൂർ മെഡിക്കൽ കോളേജിലെ മെഡിക്കൽ ടീം 25.05.2015 ൽ പ്രസ്തുത സ്ഥലത്ത് സ്പെഷ്യൽ ക്യാമ്പ് നടത്തുകയും , പരിശോധന റിപ്പോർട്ട് 11.08.2015 ൽ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ആളുകളിൽ ചിലർക്ക് വിവിധരോഗങ്ങൾ ഉള്ളതായി കണ്ടെത്തിയിരുന്നു. എന്നാൽ, ഈ രോഗങ്ങൾ എൻഡോസൾഫാൻ മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടില്ല. |
| (ബി) | ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ ആരോഗ്യ പരിശോധന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം തൃശൂർ മെഡിക്കൽ കോളേജിലെ മെഡിക്കൽ ടീം 25.05.2015 ൽ പ്രസ്തുത സ്ഥലത്ത് സ്പെഷ്യൽ ക്യാമ്പ് നടത്തുകയും , പരിശോധന റിപ്പോർട്ട് 11.08.2015 ൽ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ആളുകളിൽ ചിലർക്ക് വിവിധരോഗങ്ങൾ ഉള്ളതായി കണ്ടെത്തിയിരുന്നു. എന്നാൽ, ഈ രോഗങ്ങൾ എൻഡോസൾഫാൻ മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടില്ല. |
| (സി) | ഈ പ്രദേശങ്ങളിലെ രോഗികൾക്ക് വിദഗ്ധ ചികിത്സയും മറ്റ് സഹായങ്ങളും ഉറപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ധ സംഘം പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള രോഗികൾക്ക് അവരുടെ രോഗങ്ങൾക്കനുസരിച്ചുള്ള ചികിൽസയും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരും മറ്റ് ജീവനക്കാരും വഴി നൽകി വരുന്നുണ്ട്. എന്നാൽ ഈ രോഗബാധ എൻഡോസൾഫാൻ മൂലമാണോ എന്ന് |

| | | | |
|---|---|---|---|
| | | | സ്ഥിരീകരിക്കാത്തതിനാൽ മറ്റ് ആനുകൂല്യങ്ങൾ ഇവർക്ക് ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ